# എൻ.പി മുഹമ്മദിന്റെ നോവലുകളിലെ സാമൂഹ്യബോധം

## പ്രബന്ധരൂപരേഖ

ആധുനികകാലത്ത് ഏറ്റവും പ്രചാരമുള്ളതും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നതുമായ സാഹിത്യരൂപമാണ് നോവൽ. മനുഷ്യജീവിതത്തിന്റെ സമഗ്രത ഉൾക്കൊള്ളുവാനും വൈവിധ്യപൂർവ്വം അതിനെ ആവിഷ്കരിക്കാനും നോവലിനുള്ള സാധ്യത അനന്തമാണ്. വലുപ്പം, വർണ്ണ, കഥാപാത്രങ്ങളുടെ നിശ്ചയം, ഭാവം, സങ്കേതം, ശൈലി എന്നിവയുടെ കാര്യത്തിൽ മറ്റു സാഹിത്യരൂപങ്ങൾക്കില്ലാത്ത സ്വാതന്ത്ര്യം നോവലിനുണ്ട്. കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതോടൊപ്പം അവർ ജീവിക്കുന്ന സമൂഹത്തെക്കൂടി നോവലിസ്റ്റിന് ചിത്രീകരിക്കേണ്ടിവരുന്നു. സമൂഹമാണ് നോവലിന്റെ സജീവപശ്ചാത്തലം. സാമൂഹിക ചലനങ്ങളുടെ പ്രതിഫലനം ഏറിയോ കുറഞ്ഞോ നോവലിൽ പ്രകടമാകുന്നു. സമൂഹത്തിന്റെ തനിപ്പകർപ്പു മാത്രമല്ല നോവൽ. ഒരു സമൂഹം എങ്ങനെയായിരിക്കണം എന്ന സന്ദേശം കൂടി നോവൽ ഉൾക്കൊള്ളുന്നു. സമൂഹത്തെക്കുറിച്ചുള്ള എഴുത്തുകാരന്റെ വീക്ഷണം തന്നെയാണ് ഈ സന്ദേശം. സാമൂഹ്യബോധം എന്നതുകൊണ്ട് ഈ പ്രബന്ധത്തിൽ അർത്ഥമാക്കുന്നത് എഴുത്തുകാരന്റെ സാമൂഹ്യവീക്ഷണം തന്നെയാണ്. മലയാളസാഹിത്യരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് എൻ.പി. മുഹമ്മദ്. അദ്ദേഹത്തിന്റെ കൃതികളെ കുറിച്ച് പല പഠനങ്ങളും ഉണ്ടായിട്ടുണ്ട്. എൻ.പി യുടെ നോവലുകളിലെ സാമൂഹ്യബോധത്തെക്കുറിച്ചുള്ള അന്വേഷണമാണ് ഇവിടെ നടത്തുന്നത്.

പ്രബന്ധം ആകെ നാല് അധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. ആദ്യത്തെ അധ്യായത്തിൽ സമൂഹവും നോവൽ എന്ന സാഹിത്യരൂപവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു.

രണ്ടാം അധ്യായം എൻ.പി മുഹമ്മദിന്റെ വ്യക്തിജീവിതത്തെയും സാഹിത്യജീവിതത്തെയും കുറിച്ചുള്ള വിവരണമാണ്. എൻ.പി. മുഹമ്മദിന്റെ കഥകളെയും ലേഖനങ്ങളെയും ഇതരസാഹിത്യസംഭാവനകളെയും ഈ അധ്യായത്തിൽ വിശദീകരിക്കുന്നു.

എൻ.പി മുഹമ്മദിന്റെ നോവലുകളിൽ പ്രകടമാകുന്ന സാമൂഹ്യബോധത്തെ കുറിച്ചുള്ള വിശദപഠനമാണ് മൂന്നാം അധ്യായം. നാല് ഭാഗങ്ങളാണ് ഈ അധ്യായത്തിനുള്ളത്. ഒന്നാം ഭാഗം മുസ്ലിം സമുദായം പശ്ചാത്തലമായുള്ള എൻ.പി യുടെ നോവലുകളെ കുറിച്ചുള്ള പഠനമാണ്. എണ്ണപ്പാടം, പിന്നെയും എണ്ണപ്പാടം, മരം, ദൈവത്തിന്റെ കണ്ണ് എന്നീ നോവലുകളുടെ പഠനത്തിലൂടെ എൻ.പി യുടെ സമുദായബോധം കണ്ടെത്താൻ ശ്രമിക്കുന്നു.

രണ്ടാം ഭാഗം രാഷ്ട്രീയാക്ഷേപഹാസ്യ നോവലായ ഹിരണ്യകശിപുവിനെ കുറിച്ചുള്ള പഠനമാണ്. എൻ.പി യുടെ രാഷ്ട്രീയബോധത്തെക്കുറിച്ചുള്ള അന്വേഷണമാണ് ഇവിടെ നടത്തുന്നത്.

'മുഹമ്മദ് അബ്ദുറഹ്മാൻ ഒരു നോവൽ' എന്ന കൃതിയുടെ അപഗ്രഥനമാണ് മൂന്നാം ഭാഗം. എൻ.പി പുലർത്തുന്ന ദേശീയബോധത്തെ ഇവിടെ വിശദമാക്കുന്നു.

പ്രകൃതിയോടുള്ള എൻ.പി മുഹമ്മദിന്റെ ആത്മബന്ധം വ്യക്തമാക്കുന്ന 'ദൈവത്തിന്റെ കണ്ണ്' എന്ന നോവലിനെ കുറിച്ചുള്ള പഠനം നാലാം ഭാഗത്തിൽ

ഉൾപ്പെടുത്തിയിരിക്കുന്നു. എൻ.പി. മുഹമ്മദ് അവതരിപ്പിക്കുന്ന പരിസ്ഥിതിബോധം ഇവിടെ വിശദമാക്കുന്നു.

ഉപസംഹാരത്തിൽ എൻ.പി മുഹമ്മദിന്റെ നോവലുകളെ കുറിച്ചുള്ള പഠനത്തിലൂടെ എത്തിച്ചേർന്നിട്ടുള്ള നിരീക്ഷണങ്ങളും നിഗമനങ്ങളും വ്യക്തമാക്കുന്നു.

അനുബന്ധമായി മുഹമ്മദ് അബ്ദുറഹ്മാനെ കുറിച്ച് രചിക്കപ്പെട്ട കവിതകൾ ചേർത്തിരിക്കുന്നു.

അധ്യായം -I സാമൂഹവും നോവലും

അധ്യായം -II എൻ.പി. മുഹമ്മദ് വ്യക്തിയും എഴുത്തുകാരനും

അധ്യായം-III സാമൂഹ്യബോധം എൻ.പി. യുടെ നോവലുകളിൽ

1. സമുദായബോധം

(മരം, ദൈവത്തിന്റെ കണ്ണ്, എണ്ണപ്പാടം, പിന്നെയും എണ്ണപ്പാടം)

2. രാഷ്ട്രീയംബോധം

(ഹിരണ്യകശിപു)

3. ദേശീയബോധം

(മുഹമ്മദ് അബ്ദുറഹ്മാൻ ഒരു നോവൽ)

4. പരിസ്ഥിതിബോധം

(ദൈവത്തിന്റെ കണ്ണ്)

അധ്യായം IV - ഉപസംഹാരം

അനുബന്ധം

ഗ്രന്ഥസൂചി